പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.873 05.03.2018-ൽ മറുപടിക്ക്

## പുനലൂർ -മൂവാറ്റുപുഴ സംസ്ഥാന പാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത കെ.എസ്.റ്റി.പി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ; ഈ റോഡിന്റെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചിട്ടുള്ളത് എന്ന അറിയിക്കുമോ; | (എ) | പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ ഭാഗമായ പുനലൂർ - പൊൻകുന്നം, പൊൻകുന്നം-തൊടുപുഴ റോഡ് എന്നീ ഭാഗങ്ങൾ കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2013 -ൽ ആണ്. അതിൽ പൊൻകുന്നം - തൊടുപുഴ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിച്ചു. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം കെ.എസ്.ടി.പി ഇതുവരെ പി.ഡബ്ല്യു.ഡി റോഡ് വിഭാഗത്തിൽ നിന്നും ഏറ്റെടുത്തിട്ടില്ല. |
| (ബി) | ഈ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പുനരുദ്ധരിക്കാൻ നടപടിയായിട്ടുണ്ടോ; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകും; | (ബി) | കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ - പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി തന്നില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഡിസൈൻ അപ്ഡേറ്റ് ചെയ്യുന്നതിനും, DPR റിവൈസ് ചെയ്യുന്നതിനുമായി M/s L&T Infra Engg. എന്ന കൺസൾട്ടൻസിയെ ഏല്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു. |

(സി) ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര സ്ഥലം വീതമാണ് ഏറ്റെടുക്കാനുള്ളത് എന്ന് വില്ലേജ് തിരിച്ച് അറിയിക്കുമോ; സ്ഥലം ഏറ്റെടുക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; സ്ഥലമേറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാനാകും;

(സി) പുനലൂർ മൂവാറ്റുപുഴ ഹൈവേ വികസനത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ജില്ല | വില്ലേജ് | ഏറ്റെടു ക്കേണ്ട വസ്തുക്ക ളുടെ എണ്ണം | ആകെ വിസ്തീർ ണ്ണം (ച.മീ) |
|---|---|---|---|---|
| 1 | കൊല്ലം | പത്തനാപുരം | 3 | 73 |
| 2 | പത്തനംതിട്ട | കൂടൽ | 1 | 280 |
| | | മൈലപ്ര | 17 | 1160 |
| | | റാന്നി | 5 | 226 |
| | | ചേത്തക്കൽ | 4 | 251 |
| | | പഴവങ്ങാടി | 3 | 1545 |

എല്ലാ വില്ലേജുകളിലും റീസർവ്വെ നടപടികൾ പൂർത്തിയാകാത്തതിനാലും ലാൻഡ് അക്വസിഷനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന അലൈൻമെന്റ് കല്ലുകൾക്ക് അനുസരിച്ചുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി റവന്യൂ അധികാരികൾ ലിസ്റ്റ് നൽകാത്തതിനാലും ഏറ്റെടുക്കുവാനുള്ള സ്ഥലങ്ങൾ പിന്നീട് ശ്രദ്ധയിൽപ്പെടുകയും ആയതിന് അഡീഷണൽ റിക്വിസിഷൻ നൽകേണ്ടതായും വന്നു. ഇത് കാലതാമസത്തിന് ഇടയാക്കി. ഇത് കൂടാതെ 2013-ൽ പുതിയ എൽ.എ ആക്ട് നിലവിൽ വന്നതിനുശേഷം അക്വിസിഷൻ നടപടികൾ നടത്തുവാൻ സാധിച്ചിട്ടില്ല. Direct purchase മാത്രമാണ് ഈ സമയത്ത് നടത്തിയിട്ടുള്ളത്. പദ്ധതി ബാധിതർ സ്ഥലത്തില്ലാത്തതും Direct purchase-ന് ആവശ്യമായ രേഖകൾ കൈവശം ഇല്ലാത്തതു മൂലവും Direct purchase-നും കാലതാമസം ഉണ്ടാകുന്നു.

(ഡി) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; ഈ ഭാഗം നിർമ്മിക്കുന്നതിന് ലോക ബാങ്ക് സഹായം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതോ കിഫ്ബി മുഖേന പണം ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(ഡി) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ പുനലൂർ - പൊൻകുന്നം റോഡ് നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 610 കോടി രൂപയാണ്.

S. Bindu
സെക്ഷൻ ഓഫീസർ